"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- തൃപ്പൂണിത്തുറ നഗരസഭ – കെ-സ്മാർട്ട് അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം വരുത്തിയതായ ആരോപണം - ഇന്റേണൽ വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ട് - സസ്പെൻഷനിൽ തുടരുന്ന നഗരസഭ സെക്രട്ടറി ശ്രീ. സുഭാഷ്.പി.കെ-യ്ക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.1819/2026/LSGD തീയതി,തിരുവനന്തപുരം, 27-09-2026

---

പരാമർശം:-

1. പ്രിൻസിപ്പൽ ഡയറക്ടറുടെ 23.10.2025 തീയതിയിലെ LSGD/PD/32392/2025-VIGC2 നമ്പർ കത്തും അനുബന്ധ രേഖകളും.
2. ശ്രീ. സുഭാഷ്.പി. കെ-യ്ക്ക് നൽകിയ 10.11.2025 തീയതിയിലെ ഇയു4/245/2025-തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ/പത്രിക.
3. 13.01.2026 തീയതിയിലെ സ.ഉ(സാധാ) നം. 102/2026/LSGD.
4. ശ്രീ. സുഭാഷ്.പി. കെ സമർപ്പിച്ച 02.12.2025 തീയതിയിലെ അപേക്ഷ.
5. സർക്കാരിന്റെ 27.01.2026 തീയതിയിലെ ഇയു4/245/2025-തസ്വഭവ നമ്പർ കത്ത്.
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 17.08.2026 തീയതിയിലെ LSGD/PD/32392/2025-VIGC2 നമ്പർ കത്ത്.

**ഉത്തരവ്**

തൃപ്പൂണിത്തുറ നഗരസഭയിൽ ഇന്റേണൽ വിജിലൻസ് 15.10.2025 തീയതിയിൽ പരിശോധന നടത്തുകയും പ്രസ്തുത തീയതി വരെ നഗരസഭാ സെക്രട്ടറി ശ്രീ. സുഭാഷ്.പി. കെ 745 ഫയലുകൾ തീർപ്പാക്കാനുള്ളതായി കെ-സ്മാർട്ട് ഡാഷ് ബോർഡിൽ കാണപ്പെട്ടതായും 367 ദിവസം വരെ കാലതാമസം വന്ന ഫയലുകൾ ലോഗിനിൽ കാണപ്പെട്ടതായും എല്ലാ ഫയലുകളും പരിശോധിക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ ചില ഫയലുകൾ ആകസ്മികമായി പരിശോധിച്ചതിൽ ക്രമക്കേട് കണ്ടെത്തുകയും ഇന്റേണൽ വിജിലൻസിന്റെ പരിശോധനയിലെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ടിയാനെ സേവനത്തിൽനിന്നും മാറ്റി നിർത്തുന്നതിനും അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും പരാമർശം (1) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്യുകയും ചെയ്തിരുന്നു.

2. തുടർന്ന് പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ. സുഭാഷ്.പി. കെ-യ്ക്ക് എതിരെ 1960-ലെ KCS(CC&A)Rules, ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകുകയും ചെയ്തിരുന്നു. കൂടാതെ പരാമർശം (3) പ്രകാരം ടിയാനെ സേവനത്തിൽനിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തിരുന്നു. കുറ്റാരോപണ മെമ്മോ/പത്രിക ടിയാൻ കൈപ്പറ്റുകയും പ്രതിവാദ പത്രിക സമർപ്പിക്കാൻ ചാർജിനാധാരമായ രേഖകളുടെയും ഇന്റേണൽ വിജിലൻസ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടുകളുടെയും പകർപ്പ് നൽകണമെന്ന് ടിയാൻ പരാമർശം (4) പ്രകാരം ആവശ്യപ്പെടുകയും പ്രതിവാദ പത്രിക സമർപ്പിക്കുന്നതിലേക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാനിധ്യത്തിൽ രേഖകൾ പരിശോധിക്കുന്നതിനും വിവരങ്ങൾ കുറിച്ചെടുക്കുന്നതിനും പരാമർശം (5) പ്രകാരം അനുമതി നൽകുകയും ആയതിൽ നടപടി സ്വീകരിക്കാൻ പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകുയും ചെയ്തിരുന്നു.

3. ആയത് പ്രകാരം ശ്രീ.സുഭാഷ്.പി. കെ പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ടോ എന്നും ടിയാൻ ആവശ്യപ്പെട്ടത് പ്രകാരം രേഖകൾ പരിശോധിക്കുന്നതിന് അവസരം നൽകിയിട്ടുണ്ടോ എന്നും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ പ്രിൻസിപ്പൽ ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ പ്രതിവാദ പത്രിക സമർപ്പിക്കുന്നതിലേക്ക്

ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ രേഖകൾ പരിശോധിക്കുന്നതിനും വിവരങ്ങൾ കുറിച്ചെടുക്കുന്നതിനും ടിയാന് അനുമതി നൽകിയിരുന്നതായും ഇക്കാര്യം ഫോൺ മുഖേനയും രേഖാമൂലവും അറിയിച്ചിരുന്നെങ്കിലും നിശ്ചിത സമയത്തിനുള്ളിൽ അദ്ദേഹം രേഖകൾ പരിശോധിക്കാൻ ഹാജരായിട്ടില്ലെന്നും പ്രതിവാദപത്രിക ഇതുവരെ സമർപ്പിച്ചിട്ടില്ലെന്നും ആയതിനാൽ ടിയാന് ആവശ്യമായ അവസരം നൽകിയതായി കണക്കാക്കി, ബാധകമായ ചട്ടങ്ങൾ പ്രകാരം ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4.സർക്കാർ ഇക്കാര്യ വിശമായി പരിശോധിച്ചു. ശ്രീ. സുഭാഷ്.പി. കെ-യ്ക്ക് നൽകിയ കുറ്റാരോപണ മെമ്മോ/പത്രിക ടിയാൻ കൈപ്പറ്റുകയും രേഖകൾ പരിശോധിക്കുന്നതിന് അനുമതി ആവശ്യപ്പെട്ട അപേക്ഷ സമർപ്പിക്കുകയും സർക്കാർ അനുമതി നൽകി ടിയാനെ അറിയിക്കുകയും ചെയ്തിട്ടും രേഖകൾ പരിശോധിക്കാൻ ഹാജരായിട്ടില്ലെന്നും പ്രതിവാദപത്രിക സമർപ്പിച്ചിട്ടില്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കുറ്റാരോപണ മെമ്മോ/പത്രികയ്ക്ക് ടിയാന് മറുപടി ഒന്നുംതന്നെയില്ല എന്ന നിഗമനത്തിൽ അച്ചടക്ക നടപടി തുടരാവുന്നതാണെന്ന് കാണുന്നു. ആയതിനാൽ നിലവിൽ സസ്പെൻഷനിൽ തുടരുന്ന ശ്രീ. സുഭാഷ്.പി. കെ-യ്ക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ ടിയാന് ഒന്നുംതന്നെ ബോധിപ്പിക്കുവാനില്ല എന്ന അനുമാനത്തിൽ അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 15 പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു.

5. അന്വേഷണ ഉദ്യോഗസ്ഥൻ ടി വിഷയത്തിൽ അന്വേഷണം നടത്തി 30 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ ജോയിന്റ് ഡയറക്ടർ, എറണാകുളം, തദ്ദേശ സ്വയംഭരണ വകുപ്പ്.
ശ്രീ. സുഭാഷ്.പി. കെ, മുൻ നഗരസഭ സെക്രട്ടറി, തൃപ്പൂണിത്തുറ നഗരസഭ(നിലവിൽ സസ്പെൻഷനിൽ)(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/245/2025-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Digitally signed by
Sonu Jacob
Date: 28-09-2026
13:00:02
സെക്ഷൻ ഓഫീസർ